# 1 TIMOTHY

## Introduction

വിശുദ്ധ പൗലൂസ് തന്റെ ജീവിതാന്ത്യസമയത്ത് എഴുതിയ ലേഖനങ്ങളാണ് I Timothy, II Timothy, Titus. ഈ ലേഖനങ്ങളെ "ഇടയലേഖനങ്ങൾ'എന്നു വിളിക്കുന്നു. Pastoral Epistles"

സഭയ്ക്കു പൊതുവായി എഴുതിയ ലേഖനങ്ങളിൽനിന്നും ഈ കത്തുകൾ അല്പം വ്യത്യസ്ഥമായി നിൽക്കുന്നു. വി. പൗലൂസ് തന്റെ നിര്യാണകാലം അടുത്തു എന്ന് മനസ്സിലാക്കി, തന്റെ അഭാവത്തിൽ താൻ നട്ടു ശുശ്രൂഷിച്ച "ദൈവസഭ" എപ്രകാരം നയിക്കപ്പെടണം എന്നുള്ള ചിന്തയാണ് ഈ മൂന്ന് ലേഖനങ്ങളുടെയും വിഷയം.

വിശ്വസ്തരായ രണ്ടു വ്യക്തികൾക്കാണീ ലേഖനങ്ങൾ. തിമൊഥിയോസിനും തീത്തൊസിനും. ഈ ലേഖനങ്ങളിലെ ഉള്ളടക്കം തികച്ചും വ്യക്തിപരവും, പ്രായോഗികവും, അതേസമയം ദൈവസഭയുടെ ഭാവിപ്രവർത്തനം എങ്ങനെയായിരിക്കണം എന്ന ദർശനവും ഉൾക്കൊള്ളുന്നതും ആകുന്നു.

തിമൊഥിയോസും തീത്തൊസും തീർച്ചയായും പൗലൂസിൽനിന്നും ലഭിച്ച ഉപദേശങ്ങൾ പ്രവർത്തിയിൽ കൊണ്ടുവരുമെന്ന് പൗലൂസിന് യാതൊരു സംശയവുമില്ല. എന്നാൽ അതേ ഉപദേശം പിൻതലമുറയ്ക്ക് കൈമാറ്റം ചെയ്യണം എന്നുള്ള ഉദ്ദേശ്യം ഈ ലേഖനത്തിലുടനീളം നമുക്കു കാണാം.

തിമൊഥിയോസ് "എഫെസൂസിൽ" ശുശ്രൂഷ ചെയ്യുന്നു.

തീത്തൊസ് "ക്രേത്ത" യിലും.

**വി. പൗലൂസിന്റെ ശുശ്രൂഷാകാലം**

വി. പൗലൂസിന്റെ മിഷനറിയാത്ര കാലയളവ് AD 48 മുതൽ AD 56 വരെയായിരുന്നു. AD 56 മുതൽ AD 60 വരെ ഒരു തടവുകാരനായി വിവിധ കോടതികളിൽ വിചാരണയിലായിരുന്നു

AD 61-62 വരെ റോമിലെ കാരാഗ്രഹത്തിൽ വീട്ടുതടങ്കലിൽ പാർത്തു.

AD 62 ൽ പൗലൂസിനെതിരായി കുറ്റങ്ങൾ സ്ഥാപിക്കപ്പെടാതിരുന്നതിനാൽ സ്വതന്ത്ര്യനായി.

AD 62-66 വരെ വി. പൗലൂസ് പല സ്ഥലങ്ങളിലും യാത്രചെയ്തും സുവിശേഷം അറിയിച്ചും പാർത്തു. ഈ സമയത്തിനുശേഷം വീണ്ടും തടവിലാക്കപ്പെട്ടു. ഈ സമയത്താണ് തിമൊഥിയോസിനും തീത്തൊസിനും ലേഖനം എഴുതിയത്.

AD 67 ൽ ആണ് ഈ ലേഖനങ്ങൾ എഴുതിയത് എന്നു വിശ്വസിക്കപ്പെടുന്നു.

**Timothy - തിമൊഥിയോസ്**

പിതാവ് ഗ്രീക്കുകാരൻ. മാതാവ് യഹൂദാപാരമ്പര്യത്തിൽ നിന്നും വന്ന സ്ത്രീ. പിതാവിനെപ്പറ്റി കൂടുതൽ വിവരങ്ങൾ നൽകപ്പെട്ടിട്ടില്ല. എന്നാൽ മാതാവിനെയും വലിയമ്മയെയും പറ്റി നല്ല സാക്ഷ്യം നാം കാണുന്നു.

2 Timo 1:5 *ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും (LOIS) അമ്മ യൂനീക്കയിലും (EUNICE) ഉണ്ടായിരുന്നു.*

വലിയമ്മയിൽനിന്നും മാതാവിൽനിന്നും ലഭിച്ച വിശ്വാസത്തിന്റെ ഉടമയായിരുന്നു തിമൊഥിയോസ്.

പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിലും നാം തിമൊഥിയോസിനെപ്പറ്റിയുള്ള വിവരം കാണുന്നു.

Acts 16:1 *അവൻ ദെർബ്ബെയിലും ലുസ്ത്രയിലും ചെന്നു. അവിടെ വിശ്വാസമുള്ളോരു യെഹൂദസ്ത്രീയുടെ മകനായി തിമൊഥെയൊസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. അവന്റെ അപ്പൻ 'യവനനാ'യിരുന്നു.*

www.gospelsajacobsreviews.com
fleettech@gmail.com

പിതാവ് ക്രിസ്തീയവിശ്വാസി ആയിരിക്കില്ല എന്നു ഈ വാക്യത്തിൽ "യവനൻ" എന്ന പ്രയോഗം കാരണം അനുമാനിക്കാം.

പിതാവ് ക്രിസ്തീയ വിശ്വാസത്തിലേക്കോ, യഹൂദാ വിശ്വാസത്തിലേക്കോ വന്നിരുന്നില്ല. തിമൊഥെയൊസ് വി. പൗലൂസിന്റെ ഏറ്റവും അടുപ്പമുള്ള ശിഷ്യനായിത്തീർന്നു. തിമൊഥെയോസിനെപ്പറ്റി നാം അപ്പൊ+ാസ്തോലപ്രവൃത്തിയിൽ പല സ്ഥലത്തും കാണുന്നു.

Acts 17:14 *ഉടനെ സഹോദരന്മാർ പൌലൊസിനെ സമുദ്രതീരത്തേക്കു പറഞ്ഞയച്ചു; ശീലാസും തിമൊഥെയോസും അവിടെത്തന്നേ പാർത്തു.*

Acts 19:22 *തനിക്കു ശുശ്രൂഷ ചെയ്യുന്നവരിൽ തിമൊഥെയൊസ്, എരസ്തൊസ് എന്ന രണ്ടുപേരെ മക്കെദോന്യയിലേക്കു അയച്ചിട്ടു താൻ കുറെക്കാലം ആസ്യയിൽ താമസിച്ചു.*

Acts 20:4, 5 *ബെരോവയിലെ പുറൊസിന്റെ മകൻ സോപത്രൊസും തെസ്സലോനിക്യരായ അരിസ്തർഹൊസും സെക്കുന്തൊസും ദെർബ്ബെക്കാരനായ ഗായൊസും തിമൊഥെയൊസും ആസ്യക്കാരായ തുഹിക്കൊസും ത്രൊഫിമൊസും ആസ്യവരെ അവനോടു കൂടെ പോയി. അവർ മുമ്പെ പോയി ത്രോവാസിൽ ഞങ്ങൾക്കായി കാത്തിരുന്നു.*

വിവിധയിടങ്ങളിൽ വി. പൗലൂസിന്റെ സുവിശേഷഘോഷണത്തിൽ ഉളവായ സഭകളിൽ പൗലൂസിന്റെ ദൂതനായി തിമൊഥെയോസിനെ അയയ്ക്കുന്നതു നാം കാണുന്നു.

1Thess 3:1-2 *ആകയാൽ സഹിച്ചുകൂടാഞ്ഞിട്ടു ഞങ്ങൾ അഥേനയിൽ തനിച്ചു ഇരിക്കേണ്ടിവന്നാലും വേണ്ടതില്ല എന്നുവെച്ചു ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങിപ്പോകാതിരിക്കേണ്ടതിനു നിങ്ങളെ സ്ഥിരപ്പെടുത്തുവാനും നിങ്ങളുടെ വിശ്വാസം സംബന്ധിച്ചു നിങ്ങളെ പ്രബോധിപ്പിപ്പാനുമായിട്ടു നമ്മുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനുമായ തിമൊഥെയൊസിനെ അയച്ചു.*

തിമൊഥി തെസ്സലോനിക്യയിൽ ദൂതനായി അയയ്ക്കപ്പെട്ടു

II Cori 1:19 *ഞാനും സില്വാനൊസും തിമൊഥെയോസും നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച ദൈവപുത്രനായ യേശുക്രിസ്തു ഒരിക്കൽ ഉവ്വു എന്നും മറ്റൊരിക്കൽ ഇല്ല എന്നും ആയിരുന്നില്ല; അവനിൽ ഉവ്വു എന്നത്രെയുള്ളൂ.*

തിമൊഥി പൗലൂസിനോടൊപ്പം കൊരിന്ത്യയിലെ സഭയിൽ

Acts 19:22 *തനിക്കു ശുശ്രൂഷ ചെയ്യുന്നവരിൽ തിമൊഥെയൊസ്, എരസ്തൊസ് എന്ന രണ്ടുപേരെ മക്കെദോന്യയിലേക്കു അയച്ചിട്ടു താൻ കുറെക്കാലം ആസ്യയിൽ താമസിച്ചു.*

തിമൊഥി മക്കദോന്യയിലെ സഭയിലേക്ക് അയക്കപ്പെടുന്നു

Acts 17:14 *ഉടനെ സഹോദരന്മാർ പൌലൊസിനെ സമുദ്രതീരത്തേക്കു പറഞ്ഞയച്ചു; ശീലാസും തിമൊഥെയോസും അവിടെത്തന്നേ പാർത്തു.*

തിമൊഥി ബരോവയിൽ

Phili 1:1 *ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൌലോസും തിമൊഥെയോസും ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും കൂടെ എഴുതുന്നതു:*

തിമൊഥി പൗലൂസിനോടൊപ്പം റോമിൽ

Phili 2:19 *എന്നാൽ നിങ്ങളുടെ വസ്തുത അറിഞ്ഞിട്ടു എനിക്കും മനം തണുക്കേണ്ടതിനു തിമൊഥെയോസിനെ വേഗത്തിൽ അങ്ങോട്ടു അയക്കാം എന്നു കർത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു.*

തിമൊഥിയെ ഫിലിപ്യയിലേക്ക് അയയ്ക്കാം എന്നു എഴുതിയിരിക്കുന്നു

1Timo 1:3 *അന്യഥാ ഉപദേശിക്കരുതെന്നും, വിശ്വാസം എന്ന ദൈവവ്യവസ്ഥക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരു*

www.gospel.saijacobsreviews.com

fleettech@gmail.com

*തെന്നും ചിലരോടു ആജ്ഞാപിക്കേണ്ടതിനു...*

തിമൊഥി ഇതാ എഫെസൂസിലെ സഭയിൽ പൗലൂസിന്റെ ദൂതനായി നിൽക്കുന്നു.

വി. പൗലൂസ് തിമൊഥിയെ വിളിക്കുന്ന രീതി ഒന്നു ശ്രദ്ധിക്കാം.

1Tim 1:2 *അപ്പൊസ്തലനായ പൌലൊസ് വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയൊസിനു എഴുതുന്നതു: പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ കർത്താവായ ക്രിസ്തുയേശുവിങ്കൽനിന്നും നിനക്കു കൃപയും കനിവും സമാധാനവും ഉണ്ടാകട്ടെ.*

നിജപുത്രനായ തിമൊഥിയോസ്

Phil 2:22 *അവനോ മകൻ അപ്പനു ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവ ചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലോ.*

മകൻ അപ്പനു ശുശ്രൂഷ ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവ ചെയ്യുന്നവൻ.

**വി. പൗലൂസ് തിമൊഥിക്കു കൊടുക്കുന്ന ഉപദേശങ്ങൾ**

2Timo 1:6 *അതുകൊണ്ടു എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിനുള്ള കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു.*

നിന്നിലുള്ള കൃപാവരം ജ്വലിപ്പിക്കണം

1:7 ഭീരുത്വത്തിന്റെ “ആത്മാവിനെയല്ല ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രെ ദൈവം തന്നിരിക്കുന്നത്.

1:8 ദൈവശക്തിക്കൊത്തവണ്ണം കഷ്ടം സഹിക്ക.

1Timo 4:12 *ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുതു വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക.*

ആരും നിന്റെ യൗവ്വനം ഇച്ഛിക്കരുത്.

1Timo 1:18 *മകനേ, തിമൊഥെയൊസേ, നിന്നെക്കുറിച്ചു മുമ്പുണ്ടായ പ്രവചനങ്ങൾക്കു ഒത്തവണ്ണം ഞാൻ ഈ ആജ്ഞ നിനക്കു ഏല്പിക്കുന്നു. നീ വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ചു നല്ല യുദ്ധസേവ ചെയ്തു.*

നല്ല സേവ ചെയ്യുക

1Timo 6:12 *വിശ്വാസത്തിൽ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചു കൊൾക;*

fight a good fight of faith

വിശുദ്ധ പൗലൂസ് യുവനായകനായ തിമൊഥിക്കു കൊടുക്കുന്ന ഈ ഉപദേശങ്ങൾ, ഈ ലേഖനം പഠിക്കുന്ന പ്രിയപ്പെട്ട ഏവർക്കും ദൂതായി ഏറ്റെടുക്കാൻ ഇടയാകട്ടെ എന്നു പ്രാർത്ഥനയോടെ നമുക്കു പഠനം തുടങ്ങാം.

www.gospel.sajacobsreviews.com

fleettech@gmail.com